**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുമരകം ഗ്രാമ പഞ്ചായത്ത്- ആയുർവ്വേദ ഹോമിയാ ആശുപത്രി കെട്ടിട ഉത്ഘാടന ചടങ്ങിന് ചെലവായ തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.370/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 12/02/2020**

പരാമർശം:- കുമരകം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 29/10/2019 ലെ അപേക്ഷ .

**ഉത്തരവ്**

കുമരകം ഗ്രാമ പഞ്ചായത്തിലെ ആയുർവേദ ഹോമിയോ ആശുപത്രി കെട്ടിട ഉത്ഘാടനം 17.01.2019 ൽ ബഹു. ആരോഗ്യ വകുപ്പ് മന്ത്രി നിർവഹിക്കുകയുണ്ടായി. പ്രസ്തുത ചടങ്ങ് സംഘടിപ്പിക്കുന്നതിലേക്ക് പഞ്ചായത്തിന് വിവിധ ഇനങ്ങളിലായി 89,330/-രൂപ ചെലവായി. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ള 25,000/- രൂപയ്ക്ക് മുകളിലായതിനാൽ ടി തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയ്ക്കായി, കമ്മിറ്റി തീരുമാനവും തനതുഫണ്ട് സ്റ്റേറ്റ്മെന്റും സഹിതം കുമരകം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുമരകം ഗ്രാമ പഞ്ചായത്തിലെ ആയുർവേദ ഹോമിയോ ആശുപത്രി കെട്ടിട ഉത്ഘാടനത്തിന് ചെലവായ 89,330/-രൂപ (എൺപത്തൊമ്പതിനായിരത്തി മുന്നൂറ്റിമുപ്പത് രൂപ) കുമരകം ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പ്രസിഡന്റ്/സെക്രട്ടറി, കുമരകം ഗ്രാമ പഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Validity unknown

Digitally signed by SMITHA B CHANDRA
Date: 2020.02.19 15:51:56 IST
Reason: Approved

സെക്ഷൻ ഓഫീസർ